# പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1913**

**08-03-2018 ൽ മറുപടിക്ക്**

**കിഫ്ബിയിലെ നിയമനം**

| ചോദ്യം<br>ശ്രീ.കെ. മുരളീധരൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാരിന്റെ കാലയളവിൽ കിഫ്ബിയിൽ നാളിതുവരെ എത്ര പേർക്ക് താത്ക്കാലികാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത നിയമനം വഴി നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കാമോ; | ഈ സർക്കാരിന്റെ കാലയളവിൽ കിഫ്ബിയിൽ നാളിതുവരെ താൽകാലികാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമനം നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത നിയമനം വഴി നാളിതുവരെ 40,77,744/- രൂപ ചെലവായിട്ടുണ്ട്. |
| (സി) കിഫ്ബിയിലെ നിയമന ചട്ടം അനുസരിച്ച് മറ്റ് സർക്കാർ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ആവശ്യാനുസരണം നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ധനകാര്യ വകുപ്പ് സെക്രട്ടറിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | 1999 ലെ കിഫ് ആക്റ്റിലോ, 2016 ൽ ഭേദഗതി ചെയ്ത കിഫ് ആക്റ്റിലോ ധനകാര്യ വകുപ്പ് സെക്രട്ടറിയെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്റ്റിലെ സെക്ഷൻ 10 (2) പ്രകാരം ബോർഡിന് സർക്കാർ സെക്രട്ടറിയുടെ പദവിയും സ്ഥാനവുമുള്ള ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സർക്കാർ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, 30-12-17 ലെ സ.ഉ (സാധാ) നം.9725/17/ധന ഉത്തരവു പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറിയായിരുന്ന ഡോ.കെ.എം.എബ്രഹാമിനെ കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കിഫ്ബിയിൽ കരാർ അടിസ്ഥാനത്തിലും താൽകാലികാടിസ്ഥാനത്തിലും നൽകിയ നിയമനങ്ങളുടെ വിശദവിവരം

| കരാർ അടിസ്ഥാനം | | | |
|---|---|---|---|
| തസ്തിക | തസ്തികകളുടെ എണ്ണം | കാലാവധി | ശമ്പളം / വേതനം (പ്രതിമാസം) |
| ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | 1 | 3 വർഷം | 2,75,000/- |
| ചീഫ് പ്രോജക്റ്റ് എക്സാമിനർ | 1 | 3 വർഷം | 2,30,000/- |
| ജനറൽ മാനേജർ | 1 | 3 വർഷം | 1,50,000/- |
| അസിസ്റ്റന്റ് പ്രോജക്റ്റ് മാനേജർ | 1 | 3 വർഷം | 80,000/- |
| അക്കൗണ്ട്സ് & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 1 വർഷം | 40,000/- |
| അക്കൗണ്ട്സ് അസിസ്റ്റന്റ് | 1 | 6 മാസം | 29,200/- |
| പ്രോജക്റ്റ് അസിസ്റ്റന്റ് | 2 | 3 വർഷം | 40,000/- |
| കൺസൾട്ടന്റ്- കപ്പാസിറ്റി ബിൽഡിംഗ് | 1 | 1 വർഷം | 40,000/- ( 2017 ഡിസംബറിൽ കാലാവധി അവസാനിച്ചു) |
| **താൽകാലികാടിസ്ഥാനം** | | | |
| പ്രോജക്റ്റ് അസിസ്റ്റന്റ് | 2 | | 1,025/- / പ്രതിദിനം |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 1 | | 735/- / പ്രതിദിനം |
| ഓഫീസ് അറ്റന്റന്റ് | 3 | | 630/- / പ്രതിദിനം |

സെക്ഷൻ ഓഫീസർ